I/111789/2023

ഭരണഭാഷ-മാതൃഭാഷ

കേരള സർക്കാർ

ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്,
കണ്ണൂർ, Pin: 670 002,
Ph: 0497-2707472.
e-mail: tpkannur@gmai.com

നം: LSGD/JD/KNR/5394/2023-PLG3 തീയ്യതി: 31-10-2023

പ്രേഷകൻ,

ടൗൺ പ്ലാനർ,
തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്,
കണ്ണൂർ.

സ്വീകർത്താവ്
ചീഫ് ടൗൺ പ്ലാനർ,
പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം ,
തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്,
രണ്ടാം നില ,സ്വരാജ് ഭവൻ ,
നന്തൻകോട്,തിരുവനന്തപുരം-695003.

സർ,

വിഷയം :- ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കണ്ണൂർ -തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്-സംസ്ഥാനതല പെൻ്റിംഗ് ഫയൽ അദാലത്ത് -3/08/23 ന് ചേർന്ന യോഗതീരുമാനത്തിലെ പരാതി നമ്പർ:6-ശ്രീ അബ്ദുൾ ഷുക്കൂർ എന്നവരുടെ പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നത് -സംബന്ധിച്ച്

സൂചന :- അങ്ങയുടെ 7/10/23 ലെ LSGD/PD/43516/2023-TCPA1 (2) നമ്പർ കത്ത് .

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

I/111789/2023

3/08/23 ന് ചേർന്ന യോഗ തീരുമാനത്തിലെ പരാതി നമ്പർ:6 ആയ ശ്രീ അബ്ദുൾ ഷുക്കൂർ എന്നവരുടെ പരാതിയിന്മേൽ തയ്യാറാക്കിയ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് തുടർ നടപടികൾക്കായി സമർപ്പിക്കുന്നു .റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ സി.ടി.പി ഓഫീസിൽ നിന്നും 20.10.2023 തീയ്യതിയിൽ ടെലിഫോൺ മുഖേന അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് 21.10.2023- ന്ന ഇ മെയിൽ ചെയ്തിട്ടുള്ളതുമാണ്.

വിശ്വസ്തതയോടെ,

P RAVIKUMAR
DISTRICT TOWN PLANNER
തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്,
കണ്ണൂർ.

ഉള്ളടക്കം :-റിപ്പോർട്ട്

I/111789/2023

<u>റിപ്പോർട്ട്</u>

ശ്രീ. അബ്ദുൾ ഷുക്കൂർ, ഇരിവേരി, ചെമ്പിലോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല എന്നവരുടെ ഉടമസ്ഥതയിലുള്ള (സി.പി 3/499 നമ്പർ കെട്ടിടം) പഞ്ചായത്ത് രേഖകൾ പ്രകാരം 2000 മാർച്ച് 30 ന മുൻപ് നിർമ്മിച്ചതായി മനസ്സിലാകുന്നു. പഞ്ചായത്ത് അസ്സസ്സ്മെൻ്റ് റെജിസ്റ്റർ പ്രകാരം ഓട് /ഷീറ്റ് റൂഫ് ആയി നിർമ്മിച്ച പഴയ കെട്ടിടം നിലവിൽ column, beam structure ആയി RCC roof slab ചെയ്ത് ഒറ്റനില കെട്ടിടമായി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ കെട്ടിടത്തിനു മൌവ്വഞ്ചേരി-ചക്കരക്കൽ PWD റോഡിൽ നിന്നും 3 മീറ്റർ അകലം ലഭ്യമല്ല. കെട്ടിടത്തിന്റെ ഇരുവശങ്ങളും അതിർത്തിയോട് ചേർന്നാണ് നിർമ്മാണം നടത്തിയിരിക്കുന്നത്.

2000 മാർച്ച് 30 ന മുൻപ് നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് KPBR 2019 ലെ ചട്ടം 72(1) പ്രകാരം Roof change അനുവദനീയമാണ്. എന്നാൽ KPBR 2019 ലെ ചട്ടം 72(5) പ്രകാരം കെട്ടിടത്തിനു ചുറ്റും 60 സെന്റിമീറ്റർ തുറന്ന സ്ഥലം ലഭ്യമാക്കുകയോ, അല്ലാത്തപക്ഷം ഏതെങ്കിലും രണ്ടു വശം abut ചെയ്യുന്നതിന് consent ലഭ്യമാക്കണമെന്ന് മേൽ ചട്ടത്തിൽ അനുശാസിക്കുന്നു. കെട്ടിടത്തിനു പുറക് വശത്ത് സ്ഥലപരിശോധനയിൽ 60 സെന്റിമീറ്റർ തുറന്ന സ്ഥലം ലഭ്യമല്ല.

പഴയ ഓട് / ഷീറ്റ് റൂഫ് കെട്ടിടങ്ങൾ column, beam എന്നിവ നിർമ്മിച്ച് RCC roof slab ചെയ്ത് നിർമ്മിക്കുന്നത് പുതിയ കെട്ടിട നിർമ്മാണമായി കണക്കാക്കേണ്ടതാണ്.

P RAVIKUMAR
DISTRICT TOWN PLANNER
തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്,
കണ്ണൂർ.